## മധുരമായ കുട്ടികളെ - എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും ബുദ്ധിയിൽ ജ്ഞാനം അലയടിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ അപാര സന്തോഷമുണ്ടായിരിക്കും

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ആരുടെ കൂട്ടുകെട്ടിൽ നിന്നാണ് വളരെയധികം സംരക്ഷിക്കേണ്ടത്?
**ഉത്തരം:-** ആരുടെ ബുദ്ധിയിലാണോ ബാബയുടെ ഓർമ്മ നിലനിൽക്കാത്തത് ബുദ്ധി അവിടെയും- ഇവിടെയും അലഞ്ഞുകൊണ്ടിരിക്കുന്നത്, അവരുടെ സംഗത്തിൽ നിന്നും നിങ്ങൾക്ക് സംരക്ഷിക്കണം. അവരെ സ്പർശിക്കാൻ പോലും പാടില്ല. കാരണം ഓർമ്മയിലിരിക്കാത്തവർ വായുമണ്ഢലത്തെ മോശമാക്കുന്നു.

**ചോദ്യം:-** മനുഷ്യർക്ക് എപ്പോഴാണ് പാശ്ചാത്താപം വരിക?
**ഉത്തരം:-** എപ്പോഴാണോ അവർ ഇവരെ പഠിപ്പിക്കുന്നത് സ്വയം ഭഗവാനാണെന്ന് അറിയുന്നത് അപ്പോൾ അവരുടെ മുഖം വാടിപ്പോകും പശ്ചാതപിക്കും. ഞങ്ങൾ തെറ്റു ചെയ്തു, പഠിപ്പ് പഠിച്ചില്ല.

**ഓം ശാന്തി**. കുട്ടികൾക്ക് ഈ ആത്മീയ യാത്രയെക്കുറിച്ച് ഇപ്പോൾ നല്ലരീതിയിൽ അറിയുമല്ലോ. ഹഠയോഗത്തിന്റെ യാത്ര ഒരിക്കലും ഉണ്ടാവുകയില്ല. ഓർമ്മിക്കുന്നതിനായി ബുദ്ധിമുട്ടേണ്ടതായ ഒരു കാര്യവുമില്ല. ബാബയെ ഓർമ്മിക്കുന്നതിൽ ബുദ്ധിമുട്ടൊന്നുമില്ല. ഇത് ക്ലാസ്സാണ് അതുകൊണ്ട് നിയമമനുസരിച്ചു വേണം ഇരിക്കാൻ. നിങ്ങൾ അച്ഛന്റെ കുട്ടികളാണ്, കുട്ടികളുടെ പാലനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഏതു പാലന? അവിനാശി ജ്ഞാനരത്നങ്ങളുടെ ഖജാനാവ് ലഭിച്ചു കൊണ്ടിരിക്കുന്നു. ബാബയെ ഓർമ്മിക്കുന്നതിൽ യാതൊരു ബദ്ധിമുട്ടുമില്ല. കേവലം മായ ബുദ്ധിയുടെ യോഗത്തെ മുറിക്കുന്നു. ബാക്കി എങ്ങനെ വേണമെങ്കിലും ഇരുന്നോളൂ, അതും ഓർമ്മയും തമ്മിൽ സംബന്ധമില്ല. വളരെയധികം കുട്ടികൾ ഹഠയോഗത്തിൽ(വളരെ പ്രയത്നിച്ച്) 3-4 മണിക്കൂർ ഇരിക്കുന്നുണ്ട്. മുഴുവൻ രാത്രിയും ഇരിക്കുന്നുണ്ട്. ആദ്യം നിങ്ങളുടെ ഭട്ടി ഉണ്ടായിരുന്നു, പക്ഷെ ആ കാര്യം വേറെയാണ്, അപ്പോൾ നിങ്ങൾക്ക് വേറെ ഉത്തരവാദിത്വങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല അതുകൊണ്ടാണ് അങ്ങിനെ ഇരിക്കാൻ പഠിപ്പിച്ചത്. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾ ഗൃഹസ്ഥവ്യവഹാരത്തിൽ ഇരിക്കൂ ജോലികളെല്ലാം ചെയ്തോളൂ. എന്തുതന്നെ ജോലി ചെയ്താലും ബാബയെ ഓർമ്മിക്കണം. നിരന്തരം നിങ്ങൾക്ക് ഓർമ്മിക്കാൻ സാധിക്കും എന്നു പറയുന്നില്ല. ആ അവസ്ഥയിൽ എത്തിച്ചേരാൻ സമയമെടുക്കും. നിരന്തരം ഓർമ്മ നിലനിൽക്കുകയാണെങ്കിൽ കർമ്മാതീത അവസ്ഥ പ്രാപിക്കും. ബാബ മനസ്സിലാക്കിത്തരുന്നു - കുട്ടികളെ ഡ്രാമയുടെ പ്ലാൻ അനുസരിച്ച് ബാക്കി കുറച്ചു സമയമേ ഉള്ളൂ. ഡ്രാമയുടെ മുഴുവൻ കണക്കും ബുദ്ധിയിൽ ഉണ്ടായിരിക്കണം. ക്രിസ്തുവിന് 3000 വർഷം മുൻപ് ഭാരതം ഉണ്ടായിരുന്നു എന്നു പറയുന്നുണ്ട്. അപ്പോൾ സ്വർഗ്ഗം എന്നാണ് പറയപ്പെട്ടിരുന്നത്. ഇപ്പോൾ ക്രിസ്തുവിന് ശേഷം 2000 വർഷങ്ങൾ പൂർത്തിയായി, 5000 വർഷത്തിന്റെ കണക്കാണ്.

നിങ്ങളുടെ പ്രശസ്തി മുഴുവനും വിദേശത്ത് നിന്നാണ് ഉണ്ടാവുക. കാരണം അവരുടെ ബുദ്ധി നിങ്ങളേക്കാൾ തീക്ഷണമാണ്. ഭാരതത്തിൽ നിന്നും അവർ ശാന്തി യാചിക്കുന്നു. ഭാരതവാസികൾ തന്നെയാണ് ലക്ഷക്കണക്കിന് വർഷങ്ങൾ ഉണ്ടെന്ന് പറഞ്ഞ് സർവ്വവ്യാപിയുടെ ജ്ഞാനം നൽകി ബുദ്ധിയെ നശിപ്പിച്ചത്. ഭാരതവാസികളാണ് തമോപ്രധാനമായി മാറിയിരിക്കുന്നത്. വിദേശീയർ ഇത്രയ്ക്കും തമോപ്രധാനമായിട്ടില്ല. അതുകൊണ്ടാണ് അവർക്ക് തീക്ഷണബുദ്ധിയുള്ളത്. ഭാരതവാസികളിൽ നിന്നും അവർ ധാരാളം പഠിക്കും. എപ്പോഴാണോ അവരിൽ നിന്നും ശബ്ദം പുറത്തേക്കു വരുന്നത് അപ്പോഴേ ഭാരതവാസികൾ ഉണരൂ കാരണം ഭാരതവാസികൾ അജ്ഞാന നിദ്രയിൽ ഉറങ്ങിയിരിക്കുകയാണ്. വിദേശീയർ ഇത്രയ്ക്ക് അജ്ഞതയാകുന്ന നിദ്രയിൽ പെട്ടിട്ടില്ല. അവരിൽ നിന്നും വളരെയധികം ശബ്ദം ഉയരും. ശാന്തി എങ്ങനെ ഉണ്ടാകുമെന്ന് വിദേശത്തിലുള്ളവർ ഭാരതത്തിൽ വന്ന് അന്വേഷിക്കും. കാരണം ബാബയും ഭാരതത്തിലാണ് വരുന്നത്. ലോകത്തിൽ വീണ്ടും ശാന്തി എപ്പോഴാണ്, എങ്ങനെയാണ് ഉണ്ടാകുന്നതെന്ന് നിങ്ങൾ കുട്ടികൾക്ക് മാത്രമേ പറയാൻ സാധിക്കൂ. നിങ്ങൾ കുട്ടികൾക്കാണ് അറിയുക ഭാരതം പണ്ട് സ്വർഗ്ഗമായിരുന്നു എന്ന്. പുതിയ ലോകത്തിൽ ഭാരതം സ്വർഗ്ഗമായിരുന്നു. ഇത് മറ്റാർക്കും തന്നെ അറിയില്ല. ഈശ്വരൻ സർവ്വവ്യാപി ആണെന്നുള്ളതും കൽപ്പത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷമാണെന്നുള്ളതും മനുഷ്യരുടെ ബുദ്ധിയിൽ പതിഞ്ഞു കഴിഞ്ഞു. ഏറ്റവും കൂടുതൽ കല്ലു ബുദ്ധികളായിത്തീർന്നിരിക്കുന്നതും ഭാരതവാസികൾ തന്നെയാണ്. ഈ ഗീതാ ശാസ്ത്രങ്ങളെല്ലാം ഭക്തി മാർഗ്ഗത്തിലെ ശാസ്ത്രങ്ങളാണ്. വീണ്ടും ഇതെല്ലാം ഇങ്ങനെത്തന്നെ ഉണ്ടാകും. ഡ്രാമയെക്കുറിച്ച്

അറിയാമെങ്കിലും ബാബ പുരുഷാർത്ഥം ചെയ്യിപ്പിച്ചു കൊണ്ടിരിക്കുന്നുണ്ട്. വിനാശം തീർച്ചയായും ഉണ്ടാകും എന്നുള്ളത് കുട്ടികൾക്ക് അറിയാം. ബാബ വന്നിരിക്കുന്നതു തന്നെ പുതിയ ലോകം സ്ഥാപിക്കുന്നതിനാണ്. ഇത് സന്തോഷത്തിന്റെ കാര്യമല്ലേ. ആരെങ്കിലും വലിയ പരീക്ഷ പാസ്സാവുകയാണെങ്കിൽ എത്ര സന്തോഷം ഉണ്ടാകും. നിങ്ങൾ ഇവിടെയുള്ള പരീക്ഷ പാസ്സായി ദേവതയായി മാറുന്നു. മുഴുവൻ ആധാരവും പഠിപ്പിലാണ്.

നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ നമ്മെ പഠിപ്പിച്ച് ലക്ഷ്മീ-നാരായണന് സമാനമാക്കി മാറ്റുന്നു. സ്വർഗ്ഗം എന്നു പറയുമ്പോൾ മനുഷ്യർ തീർത്തും സംശയിച്ചിരിക്കുകയാണ്. പരിധിയില്ലാത്ത ബാബയിൽ എന്തെല്ലാം ജ്ഞാനമുണ്ടോ അത് ബാബ കുട്ടികൾക്ക് നൽകിക്കൊണ്ടിരിക്കുന്നു. നിങ്ങൾ ബാബയുടെ മഹിമ പാടാറുണ്ട് - ബാബ ജ്ഞാനസാഗരനാണ്. അതിനോടൊപ്പം തന്നെ ആനന്ദത്തിന്റെ സാഗരനും സർവ്വ ഖജനാക്കളും ബാബയിൽ നിറവോടെയുണ്ട്. ആരാണ് നിങ്ങളെ ഇത്രയും ധനവാന്മാരാക്കി മാറ്റുന്നത്? നിങ്ങൾ ഇവിടേക്ക് എന്തിനാണ് വരുന്നത്? സമ്പത്ത് നേടുന്നതിനായി. ചിലർക്ക് നല്ല ആരോഗ്യമുണ്ടാവും എന്നാൽ അവർക്ക് ധനമുണ്ടാകില്ല. ധനമില്ലാതെ എന്തു ചെയ്യാനാണ്! വൈകുണ്ഢത്തിൽ നിങ്ങൾക്ക് ധാരാളം ധനം ഉണ്ടാകും. ഇവിടെ ആരെല്ലാമാണോ ധനവാന്മാർ, അവർക്ക് ഈ ലഹരി ഉണ്ടാകുന്നു ഞങ്ങളുടെ പക്കൽ ഇത്രയും ധനം ഉണ്ട്, വ്യവസായങ്ങളുണ്ട്. പക്ഷെ ശരീരം ഉപേക്ഷിച്ചാൽ എല്ലാം നശിക്കും. നിങ്ങൾക്കറിയാം ബാബ നമുക്ക് 21 ജന്മത്തേക്കുള്ള ഖജനാവാണ് നൽകുന്നത്. ബാബ സ്വയം ഖജനാക്കളുടെ അധികാരിയായി മാറുന്നില്ല. നിങ്ങൾ കുട്ടികളെ അധികാരിയാക്കി മാറ്റുന്നു. ഇതും നിങ്ങൾക്ക് അറിയാം വിശ്വത്തിൽ ശാന്തി സ്ഥാപിക്കുക എന്നുള്ളത് ഗോഡ്ഫാദറിനല്ലാതെ മറ്റാർക്കും ചെയ്യാൻ കഴിയില്ല. ഏറ്റവും ഫസ്റ്റ്ക്ലാസ്സ് ചിത്രമാണ് - ത്രിമൂർത്തിയുടെയും സൃഷ്ടിചക്രത്തിന്റെയും. ഈ ചക്രത്തിൽ തന്നെയാണ് മുഴുവൻ ജ്ഞാനവും അടങ്ങിയിട്ടുള്ളത്. നിങ്ങളുടെ പക്കൽ വളരെ അത്ഭുതകരമായ എന്തെങ്കിലും വസ്തുക്കൾ ഉണ്ടെങ്കിലേ ഇതിൽ തീർച്ചയായും എന്തോ രഹസ്യം ഉണ്ട് എന്ന് മറ്റുള്ളവർ മനസ്സിലാക്കൂ. കുട്ടികൾ ചെറിയ-ചെറിയ കളിപ്പാട്ടങ്ങൾ പോലുള്ള ചിത്രങ്ങൾ ഉണ്ടാക്കുന്നു, ഇത് ബാബയ്ക്ക് ഇഷ്ടപ്പെടുന്നില്ല. ബാബ വലിയ- വലിയ ചിത്രങ്ങൾ ഉണ്ടാക്കാൻ പറയുന്നു ആർക്കും ദൂരെനിന്നു തന്നെ വായിച്ചു മനസ്സിലാക്കാൻ സാധിക്കണം. മനുഷ്യരുടെ ശ്രദ്ധ വലിയ വസ്തുക്കളിലേക്കാണ് പതിയുക. സൃഷ്ടി ചക്രത്തിന്റെ ചിത്രത്തിൽ വളരെ വ്യക്തമായി കാണിച്ചിട്ടുണ്ട്, ഒരു വശത്ത് കലിയുഗവും മറുവശത്ത് സത്യയുഗവുമാണ്. വലിയ വലിയ ചിത്രങ്ങളാണെങ്കിൽ മനുഷ്യരുടെ ശ്രദ്ധ ആകർഷിക്കും. വിനോദയാത്രക്കാരും കാണുന്നു, വളരെ നല്ല രീതിയിൽ മനസ്സിലാക്കുന്നു. ക്രിസ്തുവിന് 3000 വർഷങ്ങൾക്കു മുമ്പു തന്നെ ഭാരതം സ്വർഗ്ഗമായിരുന്നു എന്നും അറിയുന്നുണ്ട്. പുറമേയുള്ളവർക്ക് അത്രയ്ക്ക് അറിവില്ല. 5000 വർഷത്തിന്റെ കണക്ക് നിങ്ങൾക്ക് വളരെ വ്യക്തമായി മനസ്സിലാക്കിക്കൊടുക്കണമെങ്കിൽ ചിത്രം അത്രയ്ക്കും വലുതായിരിക്കണം, ദൂരെ നിന്നു തന്നെ കാണാൻ സാധിക്കണം. അക്ഷരങ്ങളും വായിക്കാൻ സാധിക്കണം, ഇതിലൂടെ അവർ മനസ്സിലാക്കണം ലോകത്തിന്റെ അന്തിമ സമയം എത്തി. ബോംബുകളും തയ്യാറായിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകും. നിങ്ങൾക്ക് വിനാശത്തിന്റെ പേര് കേൾക്കുമ്പോൾ തന്നെ ഉള്ളിൽ സന്തോഷമുണ്ടായിരിക്കണം. പക്ഷേ ഉള്ളിൽ ജ്ഞാനം ഇല്ലെങ്കിൽ അത്ര സന്തോഷത്തോടെ ഇരിക്കാൻ സാധിക്കില്ല. ബാബ പറയുന്നു ദേഹസഹിതം സർവ്വതും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ആത്മാവിന്റെ യോഗം ആത്മാവിന്റെ പിതാവിനോടൊപ്പം വയ്ക്കൂ. ഇത് പ്രയത്നത്തിന്റെ കാര്യമാണ്. പാവനമായി പാവനലോകത്തിലേക്ക് വരണം. നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ തന്നെയാണ് ചക്രവർത്തീപദവി നേടുന്നതും പിന്നീട് നഷ്ടപ്പെടുത്തുന്നതും. കാര്യം വളരെ സഹജമാണ്. എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും നടക്കുമ്പോഴും ഉള്ളിൽ ജ്ഞാനം പതിഞ്ഞിരിക്കണം ബാബയുടെ ബുദ്ധിയിൽ ജ്ഞാനം ഉള്ളതുപോലെ. ബാബ വന്നിരിക്കുന്നതു തന്നെ പഠിപ്പിച്ച് ദേവതയാക്കി മാറ്റാനാണ്. അപ്പോൾ കുട്ടികൾക്ക് അത്രയും അളവറ്റ സന്തോഷം ഉണ്ടായിരിക്കണം. അവനവനോടു ചോദിക്കൂ ഇത്രയും അളവറ്റ സന്തോഷം ഉണ്ടോ? ബാബയെ നല്ല രീതിയിൽ ഓർമ്മിക്കുന്നുണ്ടോ? മുഴുവൻ ചക്രത്തിന്റെയും ജ്ഞാനം ബുദ്ധിയിൽ ഉണ്ട് അപ്പോൾ വളരെ സന്തോഷമുണ്ടായിരിക്കണം. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ വളരെയധികം സന്തോഷത്തിൽ ഇരിക്കൂ. നിങ്ങളെ പഠിപ്പിക്കുന്ന ആൾ ആരാണെന്ന് നോക്കൂ! എപ്പോഴാണോ എല്ലാവരും ഇത് അറിയുന്നത് അപ്പോൾ അവരുടെ മുഖം വാടിപ്പോകും. എന്നാൽ ഇപ്പോൾ അവർക്ക് മനസ്സിലാക്കാൻ സമയമെടുക്കും. ഇപ്പോൾ ദേവതാ ധർമ്മത്തിലെ അംഗസംഖ്യ അത്രയും കൂടുതലായിട്ടില്ല. മുഴുവൻ രാജധാനിയുടെ സ്ഥാപനയും ഉണ്ടായിട്ടില്ല. എത്ര മനുഷ്യർക്കാണ് നിങ്ങൾക്ക് ബാബയുടെ സന്ദേശം എത്തിക്കേണ്ടത്! പരിധിയില്ലാത്ത ബാബ വീണ്ടും നമുക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തീപദവി നൽകുകയാണ്. നിങ്ങളും ആ ബാബയെ ഓർമ്മിക്കൂ. പരിധിയില്ലാത്ത അച്ഛൻ തീർച്ചയായും പരിധിയില്ലാത്ത സുഖമാണ് നൽകുക. കുട്ടികളുടെ ഉള്ളിൽ അളവറ്റ രീതിയിൽ ജ്ഞാനത്തിന്റെ സന്തോഷം ഉണ്ടായിരിക്കണം.

എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും ആത്മാവ് പവിത്രമായിത്തീരുന്നു.

ഡ്രാമാ പ്ലാൻ അനുസരിച്ച് നിങ്ങൾ കുട്ടികൾ എത്രത്തോളം സർവ്വീസ് ചെയ്ത് പ്രജകളെ ഉണ്ടാക്കുന്നു, ആരുടെയെല്ലാം മംഗളമാണോ ഉണ്ടാകുന്നത് അവരുടെയെല്ലാം ആശീർവാദങ്ങൾ ലഭിക്കുന്നു. ഏഴകളായ കുട്ടികളുടെ സേവനമാണ് ചെയ്യേണ്ടത്. അവരെ ക്ഷണിച്ചുകൊണ്ടേയിരിക്കൂ. ട്രെയിനിലാണെങ്കിലും നിങ്ങൾക്ക് വളരെയധികം സേവനം ചെയ്യാൻ സാധിക്കും. ഇത്രയും ചെറിയ ബാഡ്ജിൽ തന്നെ ധാരാളം ജ്ഞാനം അടങ്ങിയിട്ടുണ്ട്. മുഴുവൻ പഠിപ്പിന്റെയും സാരം ഇതിലുണ്ട്. മറ്റുള്ളവർക്ക് സമ്മാനമായി നൽകുന്നതിനു വേണ്ടി ബാഡ്ജുകളും ധാരാളം ഉണ്ടാക്കണം. ആർക്കാണെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ എളുപ്പമാണ്. കേവലം ശിവബാബയെ ഓർമ്മിക്കൂ. ശിവബാബയിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. അപ്പോൾ ബാബയേയും ബാബയുടെ സമ്പത്തായ സ്വർഗ്ഗത്തിലെ ചക്രവർത്തീപദവി കൃഷ്ണപുരിയെയും ഓർമ്മിക്കൂ. മനുഷ്യരുടെ മതം എത്ര സംശയം ഉണ്ടാക്കുന്നതാണ്. അതിലൂടെ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. വികാരത്തിനു വേണ്ടി എത്രയാണ് ബുദ്ധിമുട്ടിക്കുന്നത്. കാമത്തിനു വേണ്ടി എത്ര പേരാണ് മരിക്കുന്നത്. ഒന്നും മനസ്സിലാക്കുന്നില്ല. എല്ലാവരുടെ ബുദ്ധിയും തീർത്തും നശിച്ചുപോയി. കാരണം ബാബയെ അറിയുന്നില്ല. എന്നാൽ ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. എല്ലാവരുടെയും മാനസികാവസ്ഥ ക്ഷയിച്ചിരിക്കുകയാണ്. ബാബ പറയുന്നു– കുട്ടികളെ നിങ്ങൾ പവിത്രമാവുകയാണെങ്കിൽ ഇതു പോലെ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരുന്നു, പക്ഷേ ആരും തന്നെ മനസ്സിലാക്കുന്നില്ല. ആത്മാവിന്റെ ശക്തി മുഴുവനും ഇല്ലാതായി. എത്ര മനസ്സിലാക്കിത്തരുന്നുണ്ട് വീണ്ടും പുരുഷാർത്ഥം ചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം. പുരുഷാർത്ഥത്തിൽ ഒരിക്കലും ക്ഷീണിക്കരുത്. ഇതിൽ ഒരിക്കലും നിരാശപ്പെടരുത്. ഇത്രയും പ്രയത്നിച്ചു, പ്രഭാഷണത്തിലൂടെ ഒരാൾ പോലും വന്നില്ല. പക്ഷേ ബാബ പറയുന്നു നിങ്ങൾ കേൾപ്പിച്ച കാര്യങ്ങൾ ആരെല്ലാമാണോ കേട്ടത് അവരിൽ അത് പതിഞ്ഞിട്ടുണ്ടാവും. അവസാനം എല്ലാവരും തീർച്ചയായും അറിയും. നിങ്ങൾ ബ്രഹ്മാകുമാരിമാർക്ക് അളവറ്റ മഹിമയുണ്ടാവും. എന്നാൽ വിവേകമില്ലാത്ത രീതിയിലാണ് അവരുടെ പെരുമാറ്റം കാണുന്നത്. പൂർണ്ണമായ തിരിച്ചറിവ് ഇല്ലാത്തതുകൊണ്ട് ആർക്കും ബഹുമാനമില്ല. ബുദ്ധി പുറമേ അലഞ്ഞുകൊണ്ടിരിക്കുന്നു. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ തീർച്ചയായും സഹായം ലഭിക്കും. ബാബയെ ഓർമ്മിക്കുന്നില്ല എങ്കിൽ അവർ പതിതരാണ്. നിങ്ങൾ പാവനമായി മാറിക്കൊണ്ടിരിക്കുന്നവരാണ്. ആരാണോ ബാബയെ ഓർമ്മിക്കാത്തത് അവരുടെ ബുദ്ധി തീർച്ചയായും എവിടെയെങ്കിലും അലഞ്ഞുകൊണ്ടിരിക്കും. അങ്ങനെയുള്ളവരുടെ ശരീരത്തെ സ്പർശിക്കാൻ പോലും പാടില്ല കാരണം ഓർമ്മയിൽ ഇരിക്കാത്തതുകൊണ്ട് അവർ വായുമണ്ഡലത്തെ മോശമാക്കുന്നു. പവിത്രതയും അപവിത്രതയും ഒരിക്കലും ഒരുമിക്കില്ല അതുകൊണ്ടാണ് ബാബ പഴയ സൃഷ്ടിയെ നശിപ്പിക്കുന്നത്. ഓരോ ദിവസം കൂടുന്തോറും നിയമങ്ങളും വളരെ കർശനമുള്ളതായി മാറും. ബാബയെ ഓർമ്മുക്കുന്നില്ല എങ്കിൽ പ്രാപ്തിയ്ക്കു പകരം വീണ്ടും നഷ്ടമാണ് ഉണ്ടാവുന്നത്. പവിത്രതയുടെ മുഴുവൻ ആധാരവും ഓർമ്മയിലാണ്. ഇതിൽ ഒരു ഭാഗത്ത് തന്നെ ഇരുന്ന് ഓർമ്മിക്കേണ്ട കാര്യമില്ല. ഇവിടെ ഒരുമിച്ചിരിക്കുന്നതിനേക്കാളും നല്ലത് വേറെ വേറെ പർവ്വതത്തിൽ പോയി ഇരിക്കുന്നതാണ്. ആരാണോ ഓർമ്മിക്കാത്തത് അവർ പതിതർ തന്നെയാണ്. അവരുമായി കൂട്ടുകൂടാൻ പോലും പാടില്ല. പെരുമാറ്റത്തിലൂടെ എല്ലാം അറിയാൻ സാധിക്കും. ഓർമ്മ കൂടാതെ ഒരിക്കലും പാവനമാകാൻ കഴിയില്ല. ഓരോരുത്തരിലും ധാരാളം ജന്മജന്മാന്തരത്തിലെ പാപത്തിന്റെ ഭാരമുണ്ട്. അതെല്ലാം ഓർമ്മയുടെ യാത്ര കൂടാതെ എങ്ങനെ ഇല്ലാതാവാനാണ്. അതുകൊണ്ട് ഓർമ്മിക്കാത്തവർ തീർച്ചയായും പതീതർ തന്നെയാണ്.

ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികൾക്കു വേണ്ടി മുഴുവൻ പതിത ലോകത്തേയും നശിപ്പിക്കുന്നു. എന്നാൽ ഇതിനും ബുദ്ധി വേണമല്ലോ. മധുരമായ ബാബയും മധുരമായ രാജധാനിയേയും കൂടാതെ മറ്റൊനിന്റെയും ഓർമ്മ വരരുത്. സർവ്വതും ത്യാഗം ചെയ്യുക എന്നുള്ളത് ചിറ്റമ്മയുടെ വീടുപോലെ അത്ര എളുപ്പമുള്ള കാര്യമല്ല. ബാബയ്ക്കാണെങ്കിൽ കുട്ടികളോട് അളവറ്റ സ്നേഹമാണ്. കുട്ടികളെ പാവനമാകൂ എന്നാൽ നിങ്ങൾ പാവന ലോകത്തിലെ അധികാരിയായിത്തീരും. ഞാൻ നിങ്ങൾക്കു വേണ്ടി പാവനലോകം സ്ഥാപിക്കുകയാണ്. ഈ പതിതലോകത്തെ തീർത്തും നശിപ്പിക്കുന്നു. ഈ പതിതലോകത്തിലെ ഓരോ വസ്തുവും നിങ്ങൾക്ക് ദുഃഖമാണ് നൽകുന്നത്. ആയുസ്സും കുറവായിക്കൊണ്ടിരിക്കുന്നു, ഇതിനെയാണ് പറയുന്നത് കാൽക്കാശിന് വിലയില്ലാത്തതാണെന്ന്. കക്കയും വജ്രവും തമ്മിൽ വ്യത്യാസം ഉണ്ടാകുമല്ലോ. അപ്പോൾ നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷം ഉണ്ടായിരിക്കണം. ഇങ്ങനെ പറയാറുണ്ട് സത്യതയുണ്ടെങ്കിൽ നൃത്തം ചെയ്യും. നിങ്ങൾ സത്യയുഗത്തിൽ സന്തോഷത്തിൽ നൃത്തം ചെയ്യുന്നു. ഇവിടെയുള്ള ഒരു വസ്തുവിനോടും ഹൃദയത്തിന്റെ പ്രീതി വയ്ക്കരുത്. ഇതിനെയെല്ലാം കണ്ടുകൊണ്ടും കാണാതിരിക്കണം, കണ്ണു തുറന്നിട്ടാണെങ്കിലും ഉറങ്ങുന്ന അവസ്ഥയായിരിക്കണം. പക്ഷേ ഈ

അവസ്ഥയ്ക്കായി ധൈര്യം വേണം. ഈ പഴയ ലോകം ഇനി ഉണ്ടായിരിക്കുകയില്ല എന്ന നിശ്ചയം വേണം. അത്രയും സന്തോഷത്തിന്റെ അവസ്ഥ വർദ്ധിക്കണം. സ്മൃതിയുണർത്തിക്കൊണ്ടേയിരിക്കണം –ആഹാ, ഞങ്ങൾ ശിവബാബയെ ഓർമ്മിക്കുകയാണെങ്കിൽ വിശ്വത്തിന്റെ ചക്രവർത്തീപദവി ലഭിക്കും. ഹഠയോഗത്തിൽ(പ്രയത്നിച്ച്) ഇരിക്കേണ്ട ആവശ്യമില്ല. കഴിച്ചും കുടിച്ചും, കാര്യങ്ങൾ ചെയ്തുകൊണ്ടും ബാബയെ ഓർമ്മിക്കൂ. രാജധാനിയുടെ സ്ഥാപന ഉണ്ടാവുകയാണെന്നറിയാമല്ലോ. ബാബ ഒരിക്കലും ദാസിയായി മാറാൻ പറയില്ല. ബാബ പാവനമാകാനുള്ള പുരുഷാർത്ഥമാണ് ചെയ്യാൻ പറയുന്നത്. ബാബ പാവനമാക്കാനുള്ള പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നു. നിങ്ങൾ പതിതമായി മാറുന്നു എങ്കിൽ എത്ര അസത്യവും പാപവുമാണ് ചെയ്യുന്നത്. എപ്പോഴും ശിവബാബയെത്തന്നെ ഓർമ്മിക്കൂ എന്നാൽ എല്ലാ പാപവും സ്വാഹാ ആയിത്തീരും. ഇത് ബാബയുടെ യജ്ഞമല്ലേ. വളരെ ഉയർന്ന യജ്ഞമാണ്. മറ്റുള്ള മനുഷ്യർ യജ്ഞം രചിക്കുമ്പോൾ ലക്ഷക്കണക്കിന് രൂപ ചിലവഴിക്കുന്നു. ഇവിടെ നിങ്ങൾക്കറിയാം മുഴുവൻ ലോകവും ഇതിൽ സ്വാഹാ ആയിത്തീരണം. വിദേശങ്ങളിലും ശബ്ദമുയരും ഭാരതത്തിലും അത് വ്യാപിക്കും. ഒന്ന്, ബാബയോടൊപ്പം ബുദ്ധിയുടെ യോഗം ഉണ്ടാവണം എന്നാൽ പാപം നശിക്കുന്നു, ഉയർന്ന പദവിയും ലഭിക്കുന്നു. ബാബയുടെ കടമയാണ് കുട്ടികളെക്കൊണ്ട് പുരുഷാർത്ഥം ചെയ്യിപ്പിക്കുക എന്നുള്ളത്. ലൗകീക അച്ഛനാണെങ്കിൽ കുട്ടികളുടെ സേവനം ചെയ്യുന്നു. കുട്ടികളിൽനിന്നും സേവനം എടുക്കുകയും ചെയ്യുന്നു. ഇവിടെ ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികൾക്ക് 21 ജന്മത്തേക്കുള്ള സമ്പത്താണ് നൽകുന്നത്. അപ്പോൾ അങ്ങനെയൊരു അച്ഛനെ തീർച്ചയായും ഓർമ്മിക്കണം, ഇതിലൂടെ പാപം നശിക്കുന്നു. ബാക്കി വെള്ളത്തിലൂടെ ഒരിക്കലും പാപം നശിക്കുന്നില്ല. വെള്ളം എല്ലായിടത്തുമുണ്ട്. വിദേശത്തിലും നദികളുണ്ടല്ലോ. എന്താ ഭാരതത്തിലുള്ള നദികൾ പാവനമാക്കുന്നതും, വിദേശത്തിലുള്ള നദികൾ പതിതമാക്കുന്നതുമാണോ? മനുഷ്യരിൽ യാതൊരു വിവേകവും ഇല്ല. ബാബയ്ക്ക് മനുഷ്യരുടെ മേൽ ദയ തോന്നുന്നു. ബാബ മനസ്സിലാക്കിത്തരുന്നു– കുട്ടികളെ ഒരിക്കലും തെറ്റ് ചെയ്യരുത്. ബാബ നിങ്ങളെ പുഷപത്തിന് സമാനമാക്കി മാറ്റുന്നുവെങ്കിൽ എത്രത്തോളം പ്രയത്നിക്കണം. സ്വയം അവ നവന്റെ മേൽ ദയ കാണിക്കണം. ശരി!
വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ഇവിടെയുള്ള ഒരു വസ്തുവിലും ഹൃദയത്തിന്റെ പ്രീതി വയ്ക്കരുത്. കണ്ടിട്ടും കാണാതിരിക്കണം. കണ്ണ് തുറന്നിട്ടാണെങ്കിലും ഉറക്കത്തിന്റെ ലഹരിയിലേത് പോലെ ആയിരിക്കണം, അത്രയ്ക്കും സന്തോഷത്തിന്റെ ലഹരി വർദ്ധിക്കണം.

2) മുഴുവൻ ആധാരവും പവിത്രതയിലാണ്, അതുകൊണ്ട് പതിതരുടെ അംഗവുമായി സ്പർശിക്കാതിരിക്കാൻ ശ്രദ്ധിക്കണം. മധുരമായ അച്ഛന്റെയും മധുരമായ രാജധാനിയുടെയും സ്മൃതികൂടാതെ മറ്റൊന്നിന്റെയും ഓർമ്മ വരരുത്.

## വരദാനം – പരിധിയുള്ള ഇച്ഛകളെ ഉപേക്ഷിച്ച് നല്ലതായിത്തീരുന്ന ഇച്ഛാ മാത്രം അവിദ്യയായി ഭവിയ്ക്കട്ടെ.

മനസ്സിൽ ഏതെങ്കിലും പരിധിയുള്ള ഇച്ഛകളുണ്ടെങ്കിൽ അത് നല്ലതാക്കാൻ അനുവദിക്കില്ല. എങ്ങനെയാണോ വെയിലത്ത് നടക്കുമ്പോൾ നിഴൽ മുന്നിൽ പോകുന്നത്, അതിനെ പിടിക്കുവാൻ പ്രയത്നിച്ചിട്ട് കാര്യമില്ല. പിറകിലേക്ക് തിരിഞ്ഞ് ഓടുകയാണെങ്കിലും നിഴൽ നിങ്ങളുടെ പിന്നാലെ തന്നെ വരുന്നു. അതേപോലെ തന്നെയാണ് ഇച്ഛ നമ്മെ ആകർഷിച്ച് കരയിക്കുന്നതാണ്. അതിനെ ഉപേക്ഷിക്കുകയാണെങ്കിൽ അത് നമ്മുടെ പിറകിൽ തന്നെ വരുന്നു. യാചിക്കുന്നവർക്ക് ഒരിക്കലും സമ്പന്നമായിത്തീരുവാൻ സാധിക്കില്ല. ഏതെങ്കിലും പരിധിയുള്ള ഇച്ഛയ്ക്കു പിറകെ ഓടുക എന്നുള്ളത് മൃഗതൃഷ്ണയ്ക്കു സമാനമാണ്. ഇതിൽ നിന്നും സുരക്ഷയോടെ ഇരിക്കുകയാണെങ്കിൽ ഇച്ഛ മാത്രം അവിദ്യയായിത്തീരുന്നു.

## സ്ലോഗൻ – തന്റെ ശ്രേഷ്ഠ കർമ്മത്തിലൂടെ ശ്രേഷ്ഠ പെരുമാറ്റത്തിലൂടെ ആശീർവ്വാദങ്ങൾ ശേഖരിക്കുകയാണങ്കിൽ പർവ്വതം പോലുളള കാര്യങ്ങൾ പഞ്ഞിയ്ക്കു സമാനമായിത്തീരുന്നു.